"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് -കേരള മുനിസിപ്പൽ കോമൺ സർവ്വിസ് - പരവൂർ നഗരസഭയിലെ സീനിയർ ക്ലർക്ക് ശ്രീ. സുഭാഷ്കുമാർ ബി-യുടെ മുൻകാലസേവനകാലം ആനുകൂല്യങ്ങൾക്ക് പരിഗണിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1119/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/06/2021

---

പരാമർശം:- 1 നഗരകാര്യഡയറക്ടർക്കുള്ള 05.11.2019 തീയതിയിലെ ഇയു2-194/2019-തസ്വഭവ -നം സർക്കാർ കത്ത്

2 നഗരകാര്യഡയറക്ടറുടെ 12.10.2020 തീയതിയിലെ ഇ3-3581/2019 നമ്പർ കത്ത്.

**ഉത്തരവ്**

മുനിസിപ്പൽ കോമൺസർവ്വീസിൽ 04.02.2004 ന് എൽ.ഡി.സി /ബി.സി തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ശ്രീ. സുഭാഷ്കുമാർ ബി 30.05.1997 മുതൽ 22.12.2002 വരെ മൃഗസംരക്ഷണവകുപ്പിൽ ശിപായി തസ്തികയിലും 23.12.2002മുതൽ 03.02.2004വരെ ഇറിഗേഷൻ വകുപ്പിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലും സേവനമനുഷ്ഠിച്ച കാലയളവ് മുനിസിപ്പൽ കോമൺസർവ്വീസിൽ സംരക്ഷിച്ച ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അപേക്ഷിച്ചിരുന്നതനുസരിച്ച് പരാമർശം 1 പ്രകാരം നഗരകാര്യഡയറക്ടർ ഇക്കാര്യം ശുപാർശ ചെയ്ത് നൽകിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പൽ കോമൺസർവ്വീസിൽ 04.02.2004 ന് എൽ.ഡി.സി /ബി.സി തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ശ്രീ. സുഭാഷ്കുമാർ ബി സർക്കാർസർവ്വീസിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ വാങ്ങിയിരുന്ന 3125/- രൂപ മുനിസിപ്പൽ കോമൺസർവ്വീസിൽ പ്രവേശിച്ച 04.02.2004ൽ സംരക്ഷിച്ച് നൽകിയും, ടിയാന്റെ 30.05.1997 മുതൽ 03.02.2004 വരെയുള്ള സർവ്വീസ് കാലയളവ് സർക്കാർ സർവ്വീസിൽ ഇൻക്രിമെന്റിന് പരിഗണിച്ചിട്ടുള്ളതിനാലും അപ്രകാരം ഇൻക്രിമെന്റുകൾ ആർജ്ജിച്ച് സർക്കാർ സർവ്വീസിൽ ലഭിച്ച തുക 04.02.2004ൽ മുനിസിപ്പൽ കോമൺസർവ്വീസിൽ സംരക്ഷിച്ച് നൽകാമെന്നതിനാൽ ടിയാളുടെ 30.05.1997 മുതൽ 03.02.2004 വരെയുള്ള സർക്കാർ സർവ്വീസ് കാലയളവ് മുനിസിപ്പൽ കോമൺസർവ്വീസിൽ ശമ്പളപരിഷ്കരണങ്ങൾക്ക് സർവ്വീസ് വെയിറ്റേജിന് യോഗ്യകാലമായി പരിഗണിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Jaisy Paul

അണ്ടർ സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീ. സുഭാഷ്കുമാർ ബി , സീനിയർ ക്ലാർക്ക് , പരവൂർ നഗരസഭ

( നഗരകാര്യ ഡയറക്ടർ മുഖേന)

സെക്രട്ടറി, പരവൂർ നഗരസഭ ( നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ